موضوع الخطبة :

الخصائص الثلاثون لشهر رمضان. (1)

വിഷയം :

# റമളാൻ മാസത്തിന്റെ മുപ്പത് പ്രത്യേകതകൾ

إعداد : ماجد بن سليمان الرسي

തയ്യാറാക്കിയത്:

മാജിദ് ബ്നു സുലൈമാൻ അർറസ്സി

مترجمة إلى اللغة المليبارية

ترجمها : أنس النذيري

طالب الجامعة الإسلامية بالمدينة المنورة.

anaskc08@gmail.com

قناة تلغرام

https://t.me/Malayalamkuthuba

## ഒന്നാമത്തെ ഖുത്ബ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد صلى الله عليه وسلم، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

أما بعد،.

മുസ്ലിമീങ്ങളെ, ആദ്യകാലക്കാർക്കും അവസാനകാലക്കാർക്കും അല്ലാഹു നൽകിയ വസ്വിയത്തായ തഖ് വ കൊണ്ട് ഞാൻ നിങ്ങളെ വസ്വിയ്യത്ത് ചെയ്യുന്നു. അല്ലാഹു പറയുന്നു:

(ولقد وصينا الذين أوتوا الكتاب من قبلكم وإياكم أن اتقوا الله)،

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.

അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന് തഖ്‌വ കാണിക്കുക, അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക, അല്ലാഹു അവന്റെ യുക്തിയനുസരിച്ച് അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു,

അങ്ങനെ അവൻ ചില മലക്കുകളെയും ചില ഗ്രന്ഥങ്ങളെയും ചില പ്രവാചകന്മാരെയും ചില സ്ഥലങ്ങളെയും മറ്റുള്ളവരെക്കാൾ ശ്രേഷ്ഠമാക്കി. അപ്രകാരം റമദാൻ മാസത്തെ മറ്റുള്ള മാസങ്ങളേക്കാൾ അവൻ ശ്രേഷ്ഠമാക്കി.

ഇത് അല്ലാഹുവിന്റെ അടിമകളോട് കാണിച്ച കാരുണ്യമാണ്. കാരണം ഈ മാസത്തിൽ നന്മകൾ പെരുകുകയും പുണ്യങ്ങൾ ഇരട്ടിയാക്കപ്പെടുകയും തിന്മകൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്നു.

**റമദാനിലെ നോമ്പിന് 30 പ്രത്യേകതകൾ ഉണ്ട്;**

1. അത് ഇസ്ലാമിന്റെ റുക്ക്നുകളിൽ നാലാമത്തെ റുക്ക്നാണ്. നബി ﷺ പറഞ്ഞു :

“ഇസ്ലാം 5 സ്തംഭങ്ങളിലായാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്, ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുള്ള എന്ന ശഹാദത്തും നിസ്കാരം മുറപ്രകാരം

നിർവഹിക്കലും സക്കാത്ത് നൽകലും ഹജ്ജ് നിർവഹിക്കലും നോമ്പ് അനുഷ്ഠിക്കലും ആണവ.".

2. മുമ്പുള്ള മതനിയമങ്ങളിലും നോമ്പ് നിയമമായിരുന്നു. ഇത് ഇബാദത്തിന്റെ ശ്രേഷ്ഠതയെ അറിയിക്കുന്നു. . അല്ലാഹു പറയുന്നു

(يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمْ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُون).

"മുഅ്മിനീങ്ങളെ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കിയത് പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു നിങ്ങൾ തഖ്‌വയുള്ളവരാകാൻ വേണ്ടിയാകുന്നുഅത്"

3. നോമ്പിനെ അല്ലാഹു സ്വന്തത്തിലേക്ക് ചേർത്തി പറഞ്ഞു.

നബി ﷺ പറഞ്ഞു : അല്ലാഹു പറയുന്നു : "മനുഷ്യന്റെ എല്ലാ കർമ്മങ്ങളും അവനുള്ളതാണ് അത് എനിക്കുള്ളതാണ് ഞാനാണ് അതിന് പ്രതിഫലം നൽകുന്നത്."

ഇത് നോമ്പിന്റെ ശ്രേഷ്ഠത അറിയിക്കുന്നു. നോമ്പ് സ്യഷ്ടാവിനും സൃഷ്ടിക്കും ഇടയിലുള്ള രഹസ്യമായ ഇബാദത്താണ്. അവൻ യഥാർത്ഥത്തിൽ നോമ്പുകാരൻ ആണോ എന്ന് അവന്റെ റബ്ബിന് മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. നോമ്പുകാരൻ ഒറ്റക്കാവുമ്പോഴും അല്ലാഹു മാത്രം കാണുന്ന സന്ദർഭങ്ങളിലും വെള്ളവും ഭക്ഷണവും അവന്റെ മുമ്പിൽ ഉണ്ടായിരുന്നാലും രഹസ്യങ്ങൾ അറിയുന്ന അല്ലാഹുവിനെ കുറിച്ചുള്ള ബോധം ഉള്ളതുകൊണ്ട് അവനത് ഭക്ഷിക്കുന്നില്ല. ഈ ഇഖ്‌ലാസിനുള്ള പ്രതിഫലമാണ് ഹദീസിൽ പ്രസ്താവിച്ചത്.

4. പ്രത്യേക എണ്ണമോ മറ്റോ നിശ്ചയിക്കാതെ ഞാൻ പ്രതിഫലം നൽകുമെന്ന് നോമ്പിന്റെ പ്രതിഫലം അല്ലാഹു സ്വന്തത്തിലേക്ക് ചേർത്തി പറഞ്ഞിരിക്കുന്നു. മറ്റു കർമ്മങ്ങളെ പോലെ പത്തിരട്ടി എന്നോ മറ്റോ പ്രതിഫലം നിശ്ചയിക്കാതെ ഔദാര്യവാനായ അല്ലാഹു അതിന്റെ പ്രതിഫലം നൽകുന്നതാണ്. ഇത് നോമ്പിന്റെ ശ്രേഷ്ഠതയത്രേ.

5. നോമ്പിൽ 3 ഇനം ക്ഷമകളും യോജിച്ചു വരുന്നുണ്ട്. അല്ലാഹുവിനെ സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് ആവശ്യമായ ക്ഷമയും തിന്മകളിൽ നിന്ന് വിട്ടുനിൽക്കാൻ ആവശ്യമായ ക്ഷമയും വിശപ്പ് ദാഹം ക്ഷീണം പോലുള്ള ശാരീരികമായ പ്രയാസങ്ങളിലുള്ള ക്ഷമയും നോമ്പിൽ ഒരുമിക്കുന്നു .അതു മുഖേന നോമ്പുകാരൻ ശരിയായ ക്ഷമാലുക്കളിൽ ഉൾപ്പെടുന്നു. അല്ലാഹു പറയുന്നു:

(إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُمْ بِغَيْرِ حِسَابٍ)

"തീർച്ചയായും ക്ഷമാലുക്കൾക്ക് അവരുടെ പ്രതിഫലം കണക്കില്ലാതെ നൽകപ്പെടുന്നതാണ്."

6. നോമ്പുകാർക്ക് മാത്രമായി ഒരു പ്രത്യേക കവാടം സ്വർഗ്ഗത്തിന് ഒരുക്കിവെക്കപ്പെട്ടിട്ടുണ്ട് എന്നതും നോമ്പിന്റെ പ്രത്യേകതയാണ്.

നബി ﷺ പറഞ്ഞു "സ്വർഗ്ഗത്തിൽ റയ്യാൻ എന്ന് പറയുന്ന ഒരു കവാടമുണ്ട് ഖിയാമത്ത് നാളിൽ നോമ്പുകാർ അതിലൂടെ പ്രവേശിക്കും നോമ്പുകാർ അല്ലാതെ മറ്റൊരാളും അതിലൂടെ പ്രവേശിക്കുകയില്ല. നോമ്പുകാർ എവിടെ എന്ന് വിളിച്ചു ചോദിക്കപ്പെടും അപ്പോൾ അവർ എഴുന്നേറ്റു വരികയും അവരല്ലാതെ മറ്റൊരാളും അതിലൂടെ പ്രവേശിക്കാതിരിക്കുകയും ചെയ്യും. അവർ പ്രവേശിച്ചു കഴിഞ്ഞാൽ ആ വാതിലുകൾ അടക്കപ്പെടും."

7. നോമ്പ് നരകത്തിൽ നിന്നുള്ള പരിചയും സംരക്ഷണവുമാണ്.

നബി ﷺ പറഞ്ഞു : "യുദ്ധത്തിലുള്ള പരിച പോലെ നരകത്തിൽ നിന്നുള്ള പരിചയാണ് നോമ്പ്."

8. ഈമാനോടുകൂടിയും പ്രതിഫലയോച്ചയോടു കൂടിയും നോമ്പ് അനുഷ്ഠിക്കുന്നവർക്ക് മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും.

നബി ﷺ പറഞ്ഞു : "ആരെങ്കിലുംഈമാനോടുകൂടിയും പ്രതിഫലേച്ചയോടു കൂടിയും നോമ്പ് അനുഷ്ഠിച്ചാൽ അവനു മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും."

"നബി ﷺ ഒരിക്കൽ മിമ്പറിൽ കയറിയപ്പോൾ മൂന്നുതവണ ആമീൻ എന്ന് പറഞ്ഞു. സഹാബത്ത് ചോദിച്ചു : അല്ലാഹുവിന്റെ റസൂലേ താങ്കൾ മിമ്പറിൽ കയറിയപ്പോൾ മൂന്നുതവണ ആമീൻ എന്ന് പറഞ്ഞുവല്ലോ ?

അപ്പോൾ നബി ﷺ പറഞ്ഞു : "ജിബ്രീൽ എന്റെ അടുക്കൽ വന്നു: റമദാൻ ലഭിച്ചിട്ട് പാപങ്ങൾ പൊറുക്കപ്പെടാതെ നരകത്തിൽ പ്രവേശിക്കുന്നവരെ അല്ലാഹു അവന്റെ കാരുണ്യത്തിൽ നിന്ന് അകറ്റട്ടെ എന്ന് പ്രാർത്ഥിച്ചു അപ്പോൾ ഞാൻ ആമീൻ എന്ന് പറഞ്ഞു."

നബി പറഞ്ഞു : "അഞ്ചുനേരത്തെ നിസ്കാരവും അടുത്തടുത്ത രണ്ട് ജുമുഅകളും രണ്ട് റമദാനുകളും വൻ പാപങ്ങൾ ഉപേക്ഷിക്കുകയാണെങ്കിൽ അവയ്ക്കിടയിലുള്ള പാപങ്ങൾക്ക് പ്രായശ്ചിത്തമാണ്."

9. നോമ്പിന്റെ പ്രത്യേകതകളിൽ പെട്ടതാണ് അത് മുസ്ലിമീങ്ങൾക്കെളുപ്പമുണ്ടാക്കുന്നു എന്നത്. നോമ്പുകാരൻ തന്റെ സമൂഹത്തിലുള്ളവർ മുഴുവനും നോമ്പ് നോൽക്കുന്നവരായി കാണുമ്പോൾ

അവനു നോമ്പ് അനുഷ്ഠിക്കൽ എളുപ്പമാവുകയും ഇബാദത്ത് ശരിയായ രൂപത്തിൽ നിർവഹിക്കാനുള്ള ഉന്മേഷം ലഭിക്കുകയും ചെയ്യുന്നു.

10. നോമ്പുകാരന്റെ പ്രാർത്ഥനക്കുത്തരം ലഭിക്കും

നബി ﷺ പറഞ്ഞു : "മൂന്നു പ്രാർത്ഥനകൾ തള്ളപ്പെടുകയില്ല. പിതാവിന്റെ പ്രാർത്ഥനയും നോമ്പുകാരന്റെ പ്രാർത്ഥനയും യാത്രക്കാരന്റെ പ്രാർത്ഥനയും."

നബി ﷺ പറഞ്ഞു :

"മൂന്നാളുകളുടെ പ്രാർത്ഥന തള്ളപ്പെടുകയില്ല. നീതിമാനായ ഭരണാധികാരി, നോമ്പുകാരൻ നോമ്പുതുറക്കുന്നത് വരെ, മർദ്ദിതന്റെ പ്രാർത്ഥന."

അല്ലാഹു തൃപ്തിപ്പെടുന്ന രൂപത്തിൽ നോമ്പ് അനുഷ്ഠിക്കാൻ അവൻ നമുക്ക് തൗഫീഖ് നൽകട്ടെ. അവനെ ചെയ്യാനും നന്ദികാണിക്കാനും നല്ല രൂപത്തിൽ ഇബാദത്ത് ചെയ്യുവാനും അവൻ സഹായിക്കട്ടെ.

.

## രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിൻറെ അടിമകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക നിങ്ങൾ അറിയുക, നോമ്പിന്റെ പ്രത്യേകതകളിൽ പെട്ടതാണ്;

11. ഈമാനോടുകൂടിയും പ്രതിഫലയോച്ചയോടു കൂടിയും റമദാനിൽ രാത്രി നിസ്കരിക്കുന്നവർക്ക് മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും.

നബി ﷺ പറഞ്ഞു : "ആരെങ്കിലുംഈമാനോടുകൂടിയും പ്രതിഫലേച്ചയോടു കൂടിയും റമദാനിൽ ആരെങ്കിലും രാത്രി എഴുന്നേറ്റു നിസ്കരിച്ചാൽ അവനു മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും."

12. റമദാനിൽ രാത്രി നിസ്കരിക്കുന്നവർക്ക് അതിമഹത്തായ പ്രതിഫലം ഉണ്ട്.

നബി ﷺ പറഞ്ഞു

" ആരെങ്കിലും ഇമാമിൻറെ കൂടെ അവസാനം വരെ നിസ്കരിച്ചാൽ അവന് രാത്രി മുഴുവൻ നിസ്കരിച്ചതിന്റെ പ്രതിഫലം രേഖപ്പെടുത്തപ്പെടും"

13. സ്വദക്ക പ്രത്യേകം പുണ്യകർമ്മമാക്കപ്പെട്ട മാസമാണ് റമദാൻ.

"അല്ലാഹുവിൻറെ റസൂൽ ﷺ ജനങ്ങളിൽ ഏറ്റവും ഉദാരനായിരുന്നു അവിടുന്ന് ഏറ്റവും കൂടുതൽ ഔദാര്യം കാണിക്കുക റമദാനിൽ ആയിരുന്നു."

14. റമദാനിലെ ഉംറക്ക് പല ഇരട്ടി പ്രതിഫലം നൽകപ്പെടും.

അൻസാരികളിൽ പെട്ട ഒരു സ്ത്രീയോട് നബി ﷺ പറഞ്ഞു: "റമദാൻ സമാഗതമായാൽ നീ ഉംറ ചെയ്യുക റമദാനിലെ ഉംറ ഹജ്ജിന് തുല്യമാണ്."

15. റമദാനിലെ ഓരോ രാത്രികളിലും അല്ലാഹു അവന്റെ അടിമകളെ നരകത്തിൽ നിന്ന് മോചിപ്പിക്കും.

നബി ﷺ പറയുന്നു : "റമദാനിലെ ആദ്യത്തെ രാത്രി മുതൽ പിശാചുക്കളും ജിന്നുകളിലെ മോട്ട് കാണിക്കുന്നവരും ബന്ധിക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾപൂർണ്ണമായും അടക്കപ്പെടുകയും സ്വർഗ്ഗത്തിന്റെ കവാടങ്ങൾ പൂർണ്ണമായും തുറക്കപ്പെടുകയും ഒരാൾ ഇപ്രകാരം വിളിച്ചു പറയുകയും ചെയ്യും നന്മ ആഗ്രഹിക്കുന്നവനെ നീ മുന്നേറി കൊള്ളുക തിന്മ ഉദ്ദേശിക്കുന്നവരെ നിങ്ങൾ കുറക്കുക. റമദാനിലെ എല്ലാ രാത്രികളിലും അല്ലാഹു നരകത്തിൽ നിന്ന് മോചിപ്പിക്കുന്ന ആളുകൾ ഉണ്ടായിരിക്കും."

നബി ﷺ പറഞ്ഞു : “എല്ലാ ദിവസത്തെ നോമ്പ് തുറക്കുമ്പോഴും അല്ലാഹു നരകത്തിൽ നിന്ന് മോചിപ്പിക്കുന്ന ആളുകൾ ഉണ്ടായിരിക്കും ഇത് എല്ലാ രാത്രികളിലും ഉണ്ട്.”

റമദാനിലെ 15 പ്രത്യേകതകളാണ് ഇവിടെ സൂചിപ്പിച്ചത്. ഇത് ഓർമ്മയിൽ ഉണ്ടായിരിക്കുന്നത് റമളാനിൽ ഈമാനോടെയും പ്രതിഫലേച്ഛയോടും കൂടി നോമ്പനുഷ്ഠിക്കാൻ നമ്മെ സഹായിക്കും. അടുത്ത ഖുതുബയിൽ ശേഷമുള്ള 15 പ്രത്യേകതകൾ കൂടി വിശദീകരിക്കാം.

അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

﴿إن اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما، ﴾

[سورة الأحزاب:56].

“തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.”

തയ്യാറാക്കിയത് : മാജിദ് ബ്നു സുലൈമാൻ അർറസ്സി.

ഹി. 1442 റമളാൻ.

ജുബൈൽ, സുഊദി അറേബ്യ.

വാട്സ്ആപ്പ് : 00966505906761

موضوع الخطبة :

الخصائص الثلاثون لشهر رمضان. (2)

വിഷയം :

# റമളാൻ മാസത്തിന്റെ മുപ്പത് പ്രത്യേകതകൾ (2)

إعداد : ماجد بن سليمان الرسي

തയ്യാറാക്കിയത്:

മാജിദ് ബ്നു സുലൈമാൻ അർറസ്സി

مترجمة إلى اللغة المليبارية

ترجمها : أنس النذيري

طالب الجامعة الإسلامية بالمدينة المنورة.

anaskc08@gmail.com

قناة تلغرام

https://t.me/Malayalamkuthuba

# ഒന്നാമത്തെ ഖുത്ബ

إنَّ الْحَمْدَ لِلَّهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللَّهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللَّهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلٰهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

أما بعد، فإن خير الكلام كلام الله، وخير الهدي هدي محمد صلى الله عليه وسلم، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

أما بعد،،

മുസ്ലിമീങ്ങളെ, ആദ്യകാലക്കാർക്കും അവസാനകാലക്കാർക്കും അല്ലാഹു നൽകിയ വസ്വിയത്തായ തഖ്വ കൊണ്ട് ഞാൻ നിങ്ങളെ വസ്വിയ്യത്ത് ചെയ്യുന്നു. അല്ലാഹു പറയുന്നു:

(ولقد وصينا الذين أوتوا الكتاب من قبلكم وإياكم أن اتقوا الله)،

നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.

അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന് തഖ്വ കാണിക്കുക, അവനെ അനുസരിക്കുകയും ധിക്കരിക്കാതിരിക്കുകയും ചെയ്യുക. നിങ്ങൾ അറിയുക, അല്ലാഹു അവന്റെ യുക്തിയനുസരിച്ച് അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു,

അങ്ങനെ അവൻ ചില മലക്കുകളെയും ചില ഗ്രന്ഥങ്ങളെയും ചില പ്രവാചകന്മാരെയും ചില സ്ഥലങ്ങളെയും മറ്റുള്ളവരെക്കാൾ ശ്രേഷ്ഠമാക്കി. അപ്രകാരം റമദാൻ മാസത്തെ മറ്റുള്ള മാസങ്ങളേക്കാൾ അവൻ ശ്രേഷ്ഠമാക്കി.

ഇത് അല്ലാഹുവിന്റെ അടിമകളോട് കാണിച്ച കാരുണ്യമാണ്. കാരണം ഈ മാസത്തിൽ നന്മകൾ

പെരുകുകയും പുണ്യങ്ങൾ ഇരട്ടിയാക്കപ്പെടുകയും തിന്മകൾ മായ്ക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്നു.

**റമദാനിലെ നോമ്പിന് 30 പ്രത്യേകതകൾ ഉണ്ട് ;** അവയിൽ 15 എണ്ണം കഴിഞ്ഞ ഖുതുബയിൽ നമ്മൾ സൂചിപ്പിച്ചു. . ബാക്കി 15 എണ്ണം ഈ ഖുതുബയിൽ സൂചിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

റമദാനിലെ പ്രത്യേകതകളിൽ പെട്ടതാണ് അതിൽ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ കൊട്ടിയടക്കപ്പെടുകയും ചെയ്യുമെന്നത്.

നബി ﷺ പറഞ്ഞു : "റമളാൻ സമാഗതമായാൽ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും പിശാചുക്കൾ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്യും."

18. പിശാചുക്കൾ ബന്ധനസ്ഥരാക്കപ്പെടും. മുകളിൽ പരാമർശിച്ച ഹദീസിൽ അത് സൂചിപ്പിക്കപ്പെട്ടു. മറ്റു മാസങ്ങളിൽ പിശാച് ഉണ്ടാക്കുന്ന കുഴപ്പങ്ങൾ പോലെ കുഴപ്പങ്ങൾ ഉണ്ടാക്കാൻ സാധിക്കാത്ത വിധം അവൻ ബന്ധിക്കപ്പെടുമെന്നാണ് ഹദീസിന്റെ ഉദ്ദേശം. അങ്ങനെ അവൻ മുഖേനയുള്ള ഉപദ്രവം കുറയുകയും ചെയ്യും. പിശാചുകളിലെ അതിക്രമകാരികളും മൂത്തു കാണിക്കുന്നവരുമായവരെ മാത്രമാണ് ബന്ധിക്കപ്പെടുക എന്നും അഭിപ്രായമുണ്ട്.

19. ഖുർആൻ പാരായണം വർദ്ധിപ്പിക്കൽ ഈ മാസത്തിൽ പ്രത്യേകം പുണ്യകർമ്മം ആണെന്നതും റമദാനിലെ പ്രത്യേകതകളിൽ പെട്ടതാണ്.

നബി ﷺ ജിബിരീലുമായി ഖുർആൻ മുഴുവൻ പാരായണം ചെയ്തു തീർക്കും ആയിരുന്നു എന്നതിനെ അനുധാവനം ചെയ്തുകൊണ്ട് സലഫുകളും ഈ

മാസത്തിൽ ഖുർആൻ പാരായണം ചെയ്ത് തീർക്കാൻ ശ്രദ്ധിക്കാറുണ്ടായിരുന്നു.

20. നോമ്പ് ഖയാമത്ത് നാളിൽ നമുക്ക് പദവികൾ ഉയർത്താനും പാപങ്ങൾ മായിക്കപ്പെടാനും വേണ്ടി ശുപാർശകനായി വരും. നബി ﷺ പറഞ്ഞു: "നോമ്പും ഖുർആനും ഖിയാമത്ത് നാളിൽ അടിമകൾക്ക് വേണ്ടി ശുപാർശ പറയും. നോമ്പ് പറയും : റബ്ബേ, ഇദ്ദേഹത്തിന് ഞാൻ ഭക്ഷണവും ദേഹേച്ഛകളും തടഞ്ഞു. അതുകൊണ്ട് അദ്ദേഹത്തിൻറെ കാര്യത്തിൽ എൻറെ ശുപാർശനി സ്വീകരിക്കേണമേ.

ഖുർആൻ പറയും : റബ്ബേ, ഇദ്ദേഹത്തിന് ഞാൻ രാത്രിയിൽ ഉറക്കം തടഞ്ഞിട്ടുണ്ട് അതുകൊണ്ട് അദ്ദേഹത്തിൻറെ കാര്യത്തിൽ എൻറെ ശുപാർശ നീ സ്വീകരിക്കേണമേ. അങ്ങനെ അവരുടെ ശുപാർശ സ്വീകരിക്കപ്പെടും."

21. നോമ്പുകാരന്റെ വായിലെ ഗന്ധം അല്ലാഹുവിൻറെ അടുക്കൽ കസ്തൂരിയുടെ സുഗന്ധത്തേക്കാൾ വിശിഷ്ടമാണ്. നബി ﷺ പറഞ്ഞു : "എൻറെ ആത്മാവിൻറെ നിയന്ത്രണം ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, നോമ്പുകാരന്റെ വായിലെ ഗന്ധം അല്ലാഹുവിൻറെ അടുക്കൽ കസ്തൂരിയെക്കാൾ വിശിഷ്ടമാണ്."

22. നോമ്പുകാരന് രണ്ട് സന്തോഷങ്ങളുണ്ട് . നോമ്പു തുറക്കുമ്പോൾ ഉള്ള സന്തോഷവും അല്ലാഹുവിനെ കണ്ടുമുട്ടുമ്പോൾ ഉള്ള സന്തോഷവും. നബി ﷺ പറഞ്ഞു: "നോമ്പുകാരൻ രണ്ട് അവസരങ്ങളിൽ സന്തോഷിക്കുന്നു. നോമ്പ് തുറക്കുമ്പോൾ അവൻ സന്തോഷിക്കുന്നു. നോമ്പ് എടുത്തത് കാരണത്താൽ റബ്ബിനെ കണ്ടുമുട്ടുമ്പോഴും അവൻ സന്തോഷിക്കുന്നു."

23. റമദാനിലാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടത്. അല്ലാഹു പറയുന്നു :

(شهر رمضان الذي أنزل فيه القرآن)

"ഖുർആൻ അവതരിപ്പിക്കപ്പെട്ട റമദാൻ മാസം"

റമദാനിലെ ലൈലത്തുൽ ഖദറിൽ ആയിരുന്നു ഖുർആൻ അവതരിച്ചത്. അല്ലാഹു പറയുന്നു :

(إنا أنزلناه في ليلة القدر)

"ലൈലത്തുൽ ഖദറിൽ ഖുർആനിനെ നാം അവതരിപ്പിച്ചിരിക്കുന്നു."

ഖുർആൻ ലൗഹുൽ മഹ്ഫൂദിൽ നിന്ന് ഒന്നാം ആകാശത്തിലെ ബൈത്തുൽ ഇസ്സയിലേക്ക് ഖുർആൻ മൊത്തമായി അവതരിച്ച മഹത്തായ രാത്രിയാകുന്നു അത്. ശേഷം അവിടെ നിന്ന് സന്ദർഭങ്ങൾ അനുസരിച്ച് മുഹമ്മദ് നബി ﷺ ക്ക് പലഭാഗങ്ങളായി അവതരിക്കുകയും ചെയ്തു .

അതിമഹത്തായ രാത്രി ആയതുകൊണ്ടാണ് ലൈലത്തുൽ ഖദർ എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത് .

കാര്യങ്ങൾ ആ രാത്രിയിൽ കണക്കാക്കപ്പെടുന്നത് കൊണ്ടാണ് എന്നും അഭിപ്രായമുണ്ട്. കാരണം ഒരു വർഷത്തേക്കുള്ള കാര്യങ്ങൾ കണക്കാക്കപ്പെടുന്നത് ആ രാത്രിയിലാണ് അല്ലാഹു പറയുന്നു:

(فيها يفرق كل أمر حكيم)

"യുക്തിമുക്തമായ എല്ലാ കാര്യങ്ങളും അന്ന് വേർതിരിച്ച് നിശ്ചയിക്കപ്പെടുന്നു."

ഇബ്നുൽ ഖയ്യിം -റഹിമഹുള്ളാഹ്- പറഞ്ഞു : "ഇതാണ് ശരിയായ അഭിപ്രായം."

ലൈലത്തുൽ ഖദറിനെ അനുഗ്രഹീതമായ രാത്രി എന്ന് അല്ലാഹു വിശേഷിപ്പിച്ചിട്ടുണ്ട്. അവൻ പറഞ്ഞു:

(إنا أنزلناه في ليلة مباركة).

“അനുഗ്രഹീതമായ രാത്രിയിലാകുന്നു നാം അതിനെ അവതരിപ്പിച്ചത്.”

24. ഈമാനോടുകൂടിയും പ്രതിഫലേച്ചയോടു കൂടിയും ലൈലത്തുൽ ഖദറിന്റെ രാത്രിയിൽ എഴുന്നേറ്റു നിസ്കരിക്കുന്നവർക്ക് അവരുടെ മുൻ കഴിഞ്ഞ മുഴുവൻ പാപങ്ങളും പൊറുക്കപ്പെടും

അഥവാ ഈ രാത്രിയിൽ അല്ലാഹു നിശ്ചയിച്ചിട്ടുള്ള പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് പ്രസ്തുത രാത്രിയെ നിസ്കാരം കൊണ്ട് സജീവമാക്കിയാൽ അവന്റെ പാപങ്ങൾ പൊറുക്കപ്പെടും എന്നാണ് ഉദ്ദേശം. . നബി ﷺ പറഞ്ഞു: “ആരാണോ ലൈലത്തുൽ ഖദറിനെ ഈമാനോടുകൂടിയും പ്രതിഫലേച്ചയോടു കൂടിയും എഴുന്നേറ്റ് നിസ്കരിക്കുന്നത് അവനെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെടും.”

25. ലൈലത്തുൽ ഖദറിൽ നിസ്കരിക്കുന്നത് ആയിരം മാസങ്ങൾ നിസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ഠകരമാണ്. അഥവാ 83 വർഷത്തെ ഇബാദത്തുകളെക്കാൾ ശ്രേഷ്ഠം. അല്ലാഹു പറഞ്ഞു:

(ليلة القدر خير من ألف شهر).

“ലൈലത്തുൽ ഖദർ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠകരമാണ്.”

നബി ﷺ പറഞ്ഞു:

“നിങ്ങൾക്ക് ഇതാ റമദാൻ വന്നിരിക്കുന്നു, അനുഗ്രഹീതമായ മാസം, അതിൽ അല്ലാഹു നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു, സ്വർഗ്ഗത്തിന്റെ കവാടങ്ങൾ അതിൽ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും ചെയ്യുന്നു, മോട്ടു കാണിക്കുന്ന പിശാചുക്കൾ അതിൽ ബന്ധിക്കപ്പെടുന്നു. ആയിരം മാസങ്ങളേക്കാൾ പുണ്യകരമായ ഒരു രാത്രിയുണ്ടതിൽ. അതിന്റെ പുണ്യം തടയപ്പെട്ടവൻ ആണ് യഥാർത്ഥത്തിൽ നന്മ തടയപ്പെട്ടവൻ.”

ഇബിനു സഅദി റഹിമഹുല്ലാഹ് പറഞ്ഞു :

“ആലോചിച്ചാൽ അത്ഭുതപ്പെടുകയും അന്താളിച്ചു പോവുകയും ചെയ്യുന്ന കാര്യമാണിത്. ആയിരം മാസത്തേക്കാൾ ചെയ്യുന്ന കർമ്മങ്ങൾ ശ്രേഷ്ഠമായി തീരുന്ന ഒരു രാത്രി നൽകിക്കൊണ്ട് അല്ലാഹു ഈ ഉമ്മത്തിനെ അനുഗ്രഹിച്ചിരിക്കുന്നു. ആയിരം മാസം എന്നാൽ അത്യാവശ്യം ആയുസ്സ് ലഭിച്ച ഒരാളുടെ ആയുഷ്കാലമാണ് ഏകദേശം എൺപത്തി ചില്ലാനം വർഷം”

26. റമദാനിൽ അവസാനത്തെ പത്തിൽ ഇഅ്തികാഫിരിക്കൽ സുന്നത്താണ്. ഇഅ്തികാഫ് എന്നാൽ അല്ലാഹുവിനെ ഇബാദത്ത് ചെയ്യുവാനായി പള്ളിയിൽ തന്നെ കഴിഞ്ഞുകൂടലാണ്. ആഇഷ റളിയല്ലാഹു അൻഹ പറയുന്നു : “നബി ﷺ റമദാനിലെ അവസാനത്തെ പത്തിൽ മരണപ്പെടുന്നത് വരെ ഇഅ്തികാഫ് ഇരുന്നിരുന്നു. അവിടുത്തെ മരണത്തിനുശേഷം നബി ﷺ യുടെ ഭാര്യമാരുംഅവിടുത്തെ മരണത്തിനുശേഷം നബി ﷺ യുടെ ഭാര്യമാരും ഇഅ്തികാഫ് ഇരുന്നു.”

ലൈലത്തുൽ ഖദർ അന്വേഷിച്ചു കൊണ്ടാണ് നബി ﷺ ഇഅ്തികാഫ് ഇരുന്നത്. അല്ലാഹുവിൻറെ റസൂൽ ﷺ പറഞ്ഞു : “അവിടെ ഞാൻ ആദ്യത്തെ 10 ദിവസങ്ങൾ ലൈലത്തുൽ ഖദർ അന്വേഷിച്ചു കൊണ്ട് ഇഅ്തികാഫ് ഇരുന്നു. ശേഷം നടുവിലത്തെ 10 ദിവസങ്ങൾ ഇഅ്തികാഫ് ഇരുന്നു. പിന്നീട് അത് അവസാനത്തെ പത്തിൽ ആണെന്ന് എനിക്ക് അറിയിക്കപ്പെട്ടു.അതുകൊണ്ട് നിങ്ങളിൽ ആരെങ്കിലും ഇഅ്തികാഫ് ഇരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ ഇഅ്തികാഫ് ഇരുന്നു കൊള്ളുക.”

## രണ്ടാമത്തെ ഖുതുബ

الحمد لله وكفى، وسلام على عباده الذين اصطفى، أما بعد،

അല്ലാഹുവിൻറെ അടിമകളെ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക നിങ്ങൾ അറിയുക, നോമ്പിന്റെ പ്രത്യേകതകളിൽ പെട്ടതാണ്;

27. ഫിത്വ്ർ സക്കാത്ത്. നോമ്പുകാരൻ അത് സംഭവിച്ചു പോയ അബദ്ധങ്ങളിൽ നിന്നുള്ള ശുദ്ധീകരണമാണ്. ഇബ്നു അബ്ബാസ് -റളിയള്ളാഹു അൻഹു- പറയുന്നു: "അല്ലാഹുവിൻറെ റസൂൽ ﷺ നോമ്പുകാരന് മ്ലേച്ഛതകളിൽ നിന്നും തിന്മകളിൽ നിന്നുമുള്ള ശുദ്ധീകരണം ആയിക്കൊണ്ടുംപാവപ്പെട്ടവർക്ക് ഭക്ഷണം ആയിക്കൊണ്ടും ഫിത്വ്ർ സക്കാത്ത് നിർബന്ധമാക്കി".

28. റമദാന് ശേഷം അല്ലാഹു പെരുന്നാൾ നിശ്ചയിക്കുകയും നിയമമാക്കുകയും ചെയ്തിരിക്കുന്നു. മഹത്തായ രണ്ട് മത ചിഹ്നങ്ങളായ ഇബാദത്തുകൾക്ക് ശേഷം അല്ലാഹു പെരുന്നാൾ നിശ്ചയിച്ചിരിക്കുന്നു .ഹജ്ജും നോമ്പും ആണവ. നോമ്പ് പൂർത്തിയാക്കിയതിനു ശേഷം മുസ്ലിമീങ്ങൾ ഫിത്വ്ർ പെരുന്നാൾ ആഘോഷിക്കുന്നു. അവർ നരകത്തിൽ നിന്ന് മോചിപ്പിക്കപ്പെടാൻ കാരണമാകുന്ന നോമ്പ് പൂർത്തിയാക്കാൻ സാധിച്ചതിന്റെ നന്ദി എന്നോണം ആണ് ഫിത്വ്ർ സക്കാത്തും പെരുന്നാളും നിശ്ചയിച്ചിട്ടുള്ളത്.

പെരുന്നാൾ ദിവസത്തിൽ മറ്റേത് ദിവസത്തേക്കാളും വലിയ സംഗമം മുസ്ലിമീങ്ങൾ സംഗമിക്കുകയും അവരുടെ ശക്തിയും പ്രതാപവും ഈ മതത്തിൻറെ അടയാളത്തിലൂടെ പ്രകടമാവുകയും ചെയ്യുന്നു .

അതുകൊണ്ടുതന്നെ കുട്ടികളും സ്ത്രീകളും ഹൈളുകാരികളുമടക്കം മുസല്ലയിലേക്ക് പുറപ്പെടണം മുസ്ലിമീങ്ങളുടെ കൂടെ അവർ സന്നിഹിതരാവുകയും എന്നാൽ ഹൈളുകാരികൾ നിസ്കാരത്തിൽ നിന്ന് വിട്ടു നിൽക്കുകയും വേണം. പെരുന്നാളിന്റെ അന്ന് റമദാൻ പൂർത്തിയാക്കാൻ സാധിച്ചതിലും പെരുന്നാൾ ലഭിച്ചതിലുമുള്ള സന്തോഷം പ്രകടമാകണം.

ഇതുപോലെതന്നെ ഹജ്ജ് കർമ്മത്തിൽ അറഫയിൽ നിൽക്കുന്നതിലൂടെ അല്ലാഹു നരകത്തിൽ നിന്ന് മോചിപ്പിക്കുകയും പാപങ്ങൾ പൊറുത്തു കൊടുക്കുകയും ചെയ്തതിന്റെ അടുത്ത ദിവസങ്ങളിൽ അല്ലാഹു പെരുന്നാൾ നിശ്ചയിച്ചിരിക്കുന്നു. അതാണ് വലിയ പെരുന്നാൾ.

29. റമദാൻ തീരുന്നതോടുകൂടി തക്ബീർ ചൊല്ലി തുടങ്ങണം. റമദാനിലെ അവസാനത്തെ രാത്രി സൂര്യനസ്തമിച്ചു കഴിഞ്ഞാൽ പെരുന്നാളിന്റെ രാവ് പ്രവേശിച്ചു കഴിഞ്ഞു. പിന്നീട് പെരുന്നാൾ നിസ്കാരം കഴിയുന്നതുവരെ തക്ബീർ മുഴക്കുക.

അല്ലാഹു പറയുന്നു :

(وَلِتُكْمِلُوا العِدَّةَ وَلِتُكَبِّرُوا اللهَ عَلَى مَا هَدَاكُمْ ولعلكم تشكرون)

“നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്.)”

തക്ബീർ ചൊല്ലേണ്ട രൂപം ഇപ്രകാരമാണ്;

(الله أكبر، الله أكبر، لا إلـه إلا الله، والله أكبر، الله أكبر، ولله الحمد)،

(അല്ലാഹു അക്ബർ അല്ലാഹു അക്ബർ ലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്).

പുരുഷന്മാർ വീടുകളിലും അങ്ങാടികളിലും തക്ബീർ മുഴക്കുമ്പോൾ സ്ത്രീകൾ പുരുഷന്മാരുടെ സാന്നിധ്യത്തിൽ ആണെങ്കിൽ ശബ്ദം താഴ്ത്തുക.

ഉമ്മു അതിയ്യ -റളിയള്ളാഹു അൻഹ- പറയുന്നു :

"പെരുന്നാളിന് മുസല്ലയിലേക്ക് പുറപ്പെടാൻ ഞങ്ങൾ കൽപ്പിക്കപ്പെട്ടിരുന്നു. എത്രത്തോളം എന്നാൽ വീടിൻറെ ഉള്ളിലിരിക്കുന്ന കന്യകയെ പോലും കൊണ്ടുപോകാൻ ഞങ്ങളോട് കൽപ്പിച്ചിരുന്നു . അപ്രകാരം തന്നെ ഹൈള്കാരിയും, അവർ ജനങ്ങളുടെ പിറകിൽ നിൽക്കുകയും അവരോടൊത്ത് തക്ബീറും പ്രാർത്ഥനയും നിർവഹിച്ചുകൊണ്ട് ആ ദിവസത്തെ അനുഗ്രഹവും പരിശുദ്ധിയും പ്രതീക്ഷിക്കുകയും ചെയ്യണം."

പെരുന്നാളിന് തക്ബീറത്തുൽ ഇഹ്റാമിന് ശേഷം ഒന്നാമത്തെ റക്അത്തിൽ ആറ് തക്ബീറുകളും രണ്ടാമത്തെ റക്അത്തിൽ റുകൂഇൽ നിന്ന് ഉയർന്ന തക്ബീറിനു ശേഷം അഞ്ചു തക്ബീറുകളും ആണുള്ളത്. പെരുന്നാളിലെക്ബീറിൽ വളരെ വലിയ യുക്തി അടങ്ങിയിട്ടുണ്ട്. അത് അല്ലാഹുവിനെയും അവനോടുള്ള കടമകളെയും മഹത്വപ്പെടുത്തുകയും അവനോടുള്ള ബാധ്യതകളുടെ ഗൗരവം അറിയിക്കുകയും ചെയ്യുന്നു. അവനാണ് ഏറ്റവും വലിയവൻ എന്നും അവൻറെ വിശേഷണങ്ങൾ ഏറ്റവും വലുതാണെന്നും അവനോടുള്ള കടമകൾ ഗൗരവമേറിയതാണെന്നും തക്ബീർ സൂചിപ്പിക്കുന്നു. തക്ബീർ ചൊല്ലിക്കൊണ്ട് പെരുന്നാളിന് ഒരുമിച്ചു കൂടുന്നതിലൂടെ മുസ്ലിമീങ്ങളുടെ പ്രതാപവും ശക്തിയും പ്രകടമാവുകയും ചെയ്യുന്നു.

30. റമദാനിൽ നോമ്പ് അനുഷ്ഠിച്ച ശേഷം ശവ്വാലിൽ നിന്ന് ആറു ദിവസം കൂടി നോമ്പ് എടുത്താൽ അവൻ വർഷം മുഴുവൻ നോമ്പ് എടുത്തവനെ പോലെയാണ്. കാരണം നന്മകൾക്ക്

പത്തിരട്ടിയാണ് പ്രതിഫലം. അപ്രകാരം 36 ദിവസം നോമ്പ് എടുത്തവൻ വർഷം മുഴുവൻ നോമ്പ് എടുത്തവനെ പോലെ ആയിത്തീരുന്നു. നബി ﷺ പറഞ്ഞു : "ആരെങ്കിലും റമദാനിൽ നോമ്പ് എടുക്കുകയും അതിനെ തുടർന്ന് ശവ്വാലിൽ നിന്ന് ആറു ദിവസം നോമ്പെടുക്കുകയും ചെയ്താൽ അവൻ കാലം മുഴുവൻ നോമ്പ് എടുത്തവനെ പോലെയാണ്."

റമദാനിലെ 30 പ്രത്യേകതകളാണ് ഇവിടെ സൂചിപ്പിച്ചത്. ഇത് ഓർമ്മയിൽ ഉണ്ടായിരിക്കുന്നത് റമളാനിൽ ഈമാനോടെയും പ്രതിഫലേച്ഛയോടും കൂടി നോമ്പനുഷ്ഠിക്കാൻ നമ്മെ സഹായിക്കും. അടുത്ത ഖുതുബയിൽ ശേഷമുള്ള 15 പ്രത്യേകതകൾ കൂടി വിശദീകരിക്കാം.

അല്ലാഹു നിങ്ങൾക്ക് റഹ്മത്ത് ചെയ്യട്ടെ,

നിങ്ങൾ അറിയുക,

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കൽപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു :

{إن اللّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تسليما }

[سورة الأحزاب:56].

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബി ﷺ ക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. സത്യവിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക."

തയ്യാറാക്കിയത് : മാജിദ് ബ്നു സുലൈമാൻ അർറസ്സി.
ഹി. 1442 റമളാൻ.
ജുബൈൽ, സുഊദി അറേബ്യ.
വാട്സ്ആപ്പ് : 00966505906761